പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :267 9.3.2015-ൽ മറുപടിയ്ക്ക്

## കാവുകളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.എ.മാധവൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" കെ.ശിവദാസൻ നായർ<br>" പി.സി.വിഷ്ണുനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കാവുകളുടെ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; | എ) കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാല നത്തിനുമായുള്ള വനംവകുപ്പിന്റെ പദ്ധതി 2010 മുതൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഓരോ വർഷവും കാവുകളുടെ വിസ്തൃതിയുടേയും ആയതിലെ ജൈവവൈവിധ്യത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കുന്ന 5 (അഞ്ച്) കാവുകൾക്ക് ചുവടെ ചേർക്കുന്ന സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നല്കി വരുന്നു.<br><br>1. കാവുകളിലെ സസ്യജന്തു വൈവിധ്യം തിട്ടപ്പെടുത്തുക.<br>2. പരിപാലനത്തിനാവശ്യമായ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുക.<br>3. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചു പിടിപ്പിക്കുക/സ്വാഭാവിക സസ്യവളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, ജല |

സംരക്ഷണപ്രവർത്തനങ്ങൾ നടത്തുക, പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.

4. സംരക്ഷണത്തിനായി കാവിനു ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.
5. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക.

| | |
|---|---|
| ബി) കാവുകളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; | ബി) വനംവകുപ്പിന്റെ കാവു സംരക്ഷണ പദ്ധതി സർക്കാർ ഉത്തരവ് G.O.(Rt) No.354/2013/F&WLD തീയതി 12.09.2013 മാർഗ്ഗ നിർദ്ദേശപ്രകാരമാണ് നടപ്പിലാക്കുന്നത്. ആയത് പ്രകാരം കാവിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഉപയോഗ ശൂന്യമായി കിടക്കുന്ന കുളങ്ങൾ വൃത്തിയാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതാണ്. എന്നാൽ ആയതിനുള്ള പ്രത്യേക പദ്ധതികളൊന്നും നിലവിലുള്ള സ്കീമിൽ ഇല്ല. |
| സി) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള തരിശു ഭൂമിയിൽ കാവുകൾ നിർമ്മിക്കുവാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ ? | സി) വനം വകുപ്പിന്റെ കാവ് സംരക്ഷണ പദ്ധതി അനുസരിച്ച് ക്ഷേത്രത്തിലെ തരിശ് ഭൂമിയിൽ കാവുകൾ നിർമ്മിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല |

സെക്ഷൻ ഓഫീസർ